പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## ധനകാര്യ വകുപ്പിലെ ഇ-ഫയലിംഗ്

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2341** **9.12.2014ൽ മറുപടിയ്ക്ക്**

**ചോദ്യം** **ഉത്തരം**

**ശ്രീ. എം.എ.വാഹീദ്**

**ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി**

| | | |
|---|---|---|
| എ | ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ് നടപ്പാക്കിയതിനുശേഷം ഫയൽ പരിശോധിക്കുന്നതിനും തീർപ്പാക്കുന്നതിനും കൂടുതൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ധനകാര്യ വകുപ്പിൽ 2014 മാർച്ചു മുതലാണ് ഇ-ഫയലിംഗ് നടപ്പിലാക്കിയത്. പ്രാരംഭ ഘട്ടത്തിൽ സ്കാനിംഗിൽ ചില സാങ്കേതിക തടസ്സങ്ങൾ വന്നതിനാൽ ഫയലുകൾ തീർപ്പാക്കുന്നതിനും അല്പം കാലതാമസം വന്നിട്ടുണ്ട്. ഇപ്പോൾ ഫയൽ പരിശോധിക്കുന്നതിലും തീർപ്പാക്കുന്നതിലും കാലതാമസം ഉണ്ടാകുന്നില്ല. |
| ബി | ഉണ്ടെങ്കിൽ ഈ കാലതാമസം കുറയ്ക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | ഇപ്പോൾ ഇ-ഫയലിംഗ് വഴി ഫയലുകൾ പരിശോധിക്കുന്നതിലും തീർപ്പാക്കുന്നതിലും കാലതാമസമില്ല. |
| സി | നിയോജക മണ്ഡലത്തിലെ പ്രധാന പ്രവൃത്തികൾ സംബന്ധിച്ച ഫയലുകളുടെ സ്ഥിതി എസ് എം എസ് മുഖേനയോ ഇ-മെയിൽ മുഖേനയോ എം.എൽ എമാരെ അറിയിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ? | ഇ ഫയലിംഗ് സോഫ്റ്റ് വെയർ വികസിപ്പിച്ചത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഇൻഫർമേറ്റിക്സ് സെന്ററാണ്. നാഷണൽ ഇൻഫർമേറ്റിക്സ് സെന്റർ പൊതുജനങ്ങൾക്ക് ഫയലിന്റെ സ്ഥിതി മനസ്സിലാക്കുന്നതിനായി പബ്ലിക് ഇന്റർഫെയിസ് സെക്യൂരിറ്റി ഓഡിറ്റിനു ശേഷം ഉടൻ പുറത്തിറക്കുന്നതാണ്. ഇതു വഴി ഫയലിന്റെ സ്ഥിതി പൊതുജനങ്ങൾക്ക് മനസ്സിലാക്കാവുന്നതാണ്. ഫയലുകളുടെ സ്ഥിതി എസ് എം എസ് മുഖേനയോ ഇ-മെയിൽ മുഖേനയോ എം.എൽ എമാരെ അറിയിക്കാൻ ഇപ്പോൾ വ്യവസ്ഥയില്ല. |

**അക്കൗണ്ട്സ് ഓഫീസർ**